**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 390** **10-06-2024 - ൽ മറുപടിയ്ക്ക്**

**കോർപ്പറേഷനുകളിൽ നടപ്പിലാക്കിയ കെ-സ്മാർട്ട് പദ്ധതിയുടെ തടസ്സങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോർപ്പറേഷനുകളിൽ നടപ്പിലാക്കിയ കെ-സ്മാർട്ട് പദ്ധതി പ്രകാരം കെട്ടിട നികുതി അടയ്ക്കുവാൻ ചെല്ലുമ്പോൾ നിശ്ചിത സോഫ്റ്റ് വെയറിൽ കെട്ടിടം ഇല്ലായെന്ന് കാണിക്കുന്നതുകൊണ്ട് നികുതി അടയ്ക്കുവാൻ സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സമയബന്ധിതമായി പരിഹരിച്ച് നികുതി അടയ്ക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | **ശരിയായ വിവരങ്ങൾ നൽകി കെട്ടിടങ്ങൾ തിരഞ്ഞാൽ KSMART ൽ കെട്ടിടവിവരങ്ങൾ കാണിക്കുന്നതും നികുതി അടയ്ക്കുവാൻ സാധിക്കുന്നതുമാണ്. K SMART നിലവിൽ വരുന്നതിനു മുൻപേ സഞ്ചയ software ൽ digitalization നടത്താത്ത കെട്ടിടങ്ങൾ KSMART ൽ ലഭ്യമാകുന്നതല്ല. ടി കെട്ടിടങ്ങൾ digitalize ചെയ്യുന്നതിന് K SMART ൽ Legacy Data Management System (LDMS) എന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ നഗരസഭകൾ സ്വീകരിച്ചു വരുന്നു. ഈ പ്രവർത്തനം പൂർത്തിയാക്കിയ നഗരസഭകളിൽ വസ്തു നികുതി അടയ്ക്കുന്നതിന് യാതൊരു പ്രശ്നവുമില്ല.** |
| (ബി) | തടസ്സങ്ങൾ ഉടനടി പരിഹരിച്ച് ഉദ്യോഗസ്ഥരെ സഹായിക്കുവാൻ ടി പദ്ധതി പ്രകാരം സപ്പോർട്ടിംഗ് സ്റ്റാഫുകളെ കോർപ്പറേഷനുകളിൽ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ടി സ്റ്റാഫുകൾ സമയബന്ധിതമായി തടസ്സങ്ങൾ പരിഹരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ? | (ബി) | ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനും അവർക്ക് പരിശീലനം നൽകുന്നതിനും 01-01-2024 മുതൽ ഒരു മാസത്തേക്ക് എല്ലാ കോർപ്പറേഷനുകളിലും 10 ടെക്നിക്കൽ ജീവനക്കാരുടെ സേവനവും (5 ഐ.കെ.എം ടെക്നിക്കൽ ഓഫീസർമാർ, 5 പഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ്മാർ), മുനിസിപ്പാലിറ്റികളിൽ 7 ടെക്നിക്കൽ ജീവനക്കാരുടെ സേവനവും (2 ഐ.കെ.എം ടെക്നിക്കൽ ഓഫീസർമാർ, 5 പഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ്മാർ) നൽകിയിട്ടുണ്ട്. നിലവിൽ കോർപ്പറേഷനുകളിൽ 5 ഐ.കെ.എം ടെക്നിക്കൽ ഓഫീസർമാരുടെയും മുനിസിപ്പാലിറ്റികളിൽ 2 ഐ.കെ.എം ടെക്നിക്കൽ ഓഫീസർമാരുടെയും സേവനം നൽകിവരുന്നു.<br><br>തടസ്സങ്ങൾ പരിഹരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ